1) **24.04.2017 തിങ്കളാഴ്ച രാവിലെ 11.30 മണിക്ക് ബഹു: ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 127-ാമത് ജനറൽ കൗൺസിൽ യോഗ നടപടികൾ.**

**ഹാജർ**

1) അഡ്വ.സി.എൻ.മോഹനൻ, ചെയർമാൻ ജിസിഡിഎ.
2) ശ്രീ. എം.സ്വരാജ്.എം.എൽ.എ, തൃപ്പൂണിത്തുറ.
3) ശ്രീ.കെ.ജെ.മാക്സി, എം.എൽ.എ, കൊച്ചി.
4) ശ്രീ.പി.ടി.തോമസ്,എം.എൽ.എ, തൃക്കാക്കര.
5) ശ്രീമതി. ഷിജി ഇ.ചന്ദ്രൻ, ജില്ലാ ടൗൺ പ്ലാനർ, എറണാകുളം.
6) ശ്രീ. എം.സി.ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 1/2017-18**

*23.02.2016 ൽ കൂടിയ 124-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങൾ.*

23.02.2016-ന് ചേർന്ന 124-ാമത് ജനറൽ കൗൺസിൽ തീരുമാനം (ബഡ്ജറ്റ്) വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 2/2017-18**

*23.02.2016 ൽ കൂടിയ 125-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങൾ.*

23.02.2016-ന് ചേർന്ന 125-ാമത് ജനറൽ കൗൺസിൽ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**3. തീരുമാനം നമ്പർ 3/2017-18**

*22.02.2017 ൽ കൂടിയ 126-ാമത് ജനറൽ കൗൺസിൽ (ബഡ്ജറ്റ്) യോഗ തീരുമാനങ്ങൾ.*

22.02.2017-ന് ചേർന്ന 126-ാമത് ജനറൽ കൗൺസിൽ (ബഡ്ജറ്റ്) തീരുമാനങ്ങൾ അംഗീകരിച്ചു.

**4. തീരുമാനം നമ്പർ 4/2017-18**

*10.09.2015- ൽ കൂടിയ 123-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളുടെ തുടർനടപടി കുറിപ്പ്.*

10.09.2015-ൽ കൂടിയ 123-ാമത് ജനറൽ കൗൺസിൽ യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**5. തീരുമാനം നമ്പർ 5/2017-18**

*28.01.2016 ൽ കൂടിയ 472-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

28.01.2016-ൽ കൂടിയ 472-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ അംഗീകരിച്ചു.

**6. തീരുമാനം നമ്പർ 6/2017-18**

*23.02.2016 ൽ കൂടിയ 473-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

23.02.2016-ൽ കൂടിയ 473-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ അംഗീകരിച്ചു.

**7. തീരുമാനം നമ്പർ 7/2017-18**

*04.03.2016 ൽ കൂടിയ 474-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

04.03.2016-ൽ കൂടിയ 474-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ അംഗീകരിച്ചു.

**8. തീരുമാനം നമ്പർ 8/2017-18**

*18.05.2016 ൽ കൂടിയ 475-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

18.05.2016-ൽ കൂടിയ 475-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ അംഗീകരിച്ചു.

**9. തീരുമാനം നമ്പർ 9/2017-18**

*27.01.2017 ൽ കൂടിയ 476-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

27.01.2017-ൽ കൂടിയ 476-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ അംഗീകരിച്ചു.

**10. തീരുമാനം നമ്പർ 10/2017-18**

*22.02.2017 ൽ കൂടിയ 477-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

22.02.2017-ൽ കൂടിയ 477-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗ തീരുമാനങ്ങൾ അംഗീകരിച്ചു.

**11. തീരുമാനം നമ്പർ 11/2017-18**

*22.02.2017 ൽ കൂടിയ 478-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

22.02.2017-ൽ കൂടിയ 478-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ അംഗീകരിച്ചു.

**12. തീരുമാനം നമ്പർ 12/2017-18**

*ജിസിഡിഎ - ധനകാര്യ വിഭാഗം - 2015-16 സാമ്പത്തിക വർഷത്തെ മാസാന്ത്യ കണക്കുകളും വർഷാന്ത്യകണക്കുകളും അംഗീകരിക്കുന്നതു - സംബന്ധിച്ച്. (നം. 4490/എഫ്ഡി4/2015-16/ജി.സി.ഡി.എ.)*

2015-16 സാമ്പത്തിക വർഷത്തെ മാസാന്ത്യ കണക്കുകളും വർഷാന്ത്യ കണക്കുകളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 13/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം - രാമേശ്വരം വെസ്റ്റ് ടൗൺ പ്ലാനിംഗ് സ്കീം പ്ലോട്ടുകളുടെ ആധാരത്തിലെ വ്യവസ്ഥകൾ - സംബന്ധിച്ച്. (നം. സി6/റവന്യൂ/9361/11/എച്ച്-21/ജി.സി.ഡി.എ.)*

വിഷയം പരിശോധനയ്ക്കായി മാറ്റിവച്ചു.

**14. തീരുമാനം നമ്പർ 14/2017-18**

*ജിസിഡിഎ - 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- മറുപടി അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം. 5646/എഫ്സി3/2014/ജി.സി.ഡി.എ.)*

2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ മറുപടി തയ്യാറാക്കിയത് അംഗീകരിക്കുന്നതിനും ബഹു. സർക്കാരിലേയ്ക്കും സംസ്ഥാന ഓഡിറ്റ് വകുപ്പിലേയ്ക്കും നൽകുന്നതിനും തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 15/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം- എടത്തല ഭവന പദ്ധതി 2-ാം ഘട്ടം വീട് നം. III-3ന്റെ കൈമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്. (നം. സി7/റവന്യൂ/4724/ ഇ.എച്ച്.എസ് II/ III-3/ജി.സി.ഡി.എ.)*

എടത്തല ഭവന പദ്ധതിയിലെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ടൈപ്പ് I, II, III എന്നീ വിഭാഗങ്ങളിലെ വീടിന്റെ പ്രതിമാസ തവണകൾ കുടിശ്ശികയില്ലാതെ അടച്ചുവരുന്ന കേസുകളിൽ വീടിന്റെ വിലയിൽ ബാക്കി വരുന്ന മുഴുവൻ തുകയും വീട് കൈമാറി വാങ്ങുന്നയാൾ അടച്ച് തീർക്കണമെന്ന വ്യവസ്ഥയോടെ കൈമാറ്റത്തിന് യഥാക്രമം 40, 30, 20 ശതമാനം വരുന്ന തുക കൈമാറ്റ ഫീസായി ഈടാക്കിയതിന് ശേഷം കൈമാറ്റം അനുവദിക്കുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 16/2017–18**

*ജിസിഡിഎ - ധനകാര്യ വിഭാഗം- അതോറിറ്റിയുടെ വിവിധ വർഷങ്ങളിലെ ആദായനികുതി ഓഡിറ്റിംഗ് & റിട്ടേൺ ഫയൽ ചെയ്യൽ പ്രവൃത്തിക്ക് സ്ഥിരം സംവിധാനം ഒരുക്കുന്നത് - സംബന്ധിച്ച്. (നം. 2929/എഫ്.ബി1/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റിയുടെ അക്കൗണ്ട്സ് ഓഡിറ്റിംഗ് ആദായ നികുതി റിട്ടേൺ ഫയലിംഗ് മറ്റനുബന്ധ പ്രവൃത്തികൾ എന്നിവ സ്ഥിരമായി ചെയ്യുന്നതിന് മെ. എ.എ.മേനോൻ & അസ്സോസിയേറ്റ്സിനെ നിയോഗിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 17/2017–18**

*ജിസിഡിഎ - ധനകാര്യ വിഭാഗം - AY 2009-10 & AY 2014-15 ആദായ നികുതിയിനത്തിൽ 2,81,07,147/- രൂപ അടവാക്കിയത് - സംബന്ധിച്ച്. (നം.8456/എഫ്.ബി.1/2005/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം AY 2009-10 & AY 2014-15 ലേക്കുള്ള അതോറിറ്റിയുടെ ആദായ നികുതിയിനത്തിൽ 2,81,07,147/- രൂപ അടവാക്കിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 18/2017–18**

*ജിസിഡിഎ - ധനകാര്യ വിഭാഗം - അതോറിറ്റിയുടെ ഭീമമായ ആദായ നികുതി ഡിമാന്റ് - ആദായ നികുതി ഒഴിവാക്കി ഉത്തരവ് ലഭ്യമാക്കുന്നതിന് ടാക്സ് സംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്ന വിദഗ്ദ്ധനായ വക്കീലിന്റെ സേവനം ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (നം. 2547/എഫ്.ബി.1/2014/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റിയുടെ ആദായ നികുതിയിളവ് പുന:സ്ഥാപിച്ച് കിട്ടുന്നതിന് പുനരാരംഭിച്ച നിയമ നടപടി സാധൂകരിക്കുന്നതിനും അപ്പീൽ നടപടി, കോടതി നടപടി തുടങ്ങിയ തുടർ നടപടികൾക്കായി അഡ്വ. അനിൽ ഡി.നായർ-നെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി

സെക്രട്ടറി